കാലിക്കറ്റ് സർവ്വകലാശാല

## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്

# പത്രക്കുറിപ്പ്

2025–2026 അധ്യയന വർഷത്തേക്കുള്ള ബിരുദ കോഴ്സുകളിലേക്ക് അപേക്ഷിച്ച ഭിന്നശേഷിക്കാരുടെ ക്വോട്ടയിലേക്ക് അപേക്ഷിച്ചവരുടെ ലിസ്റ്റ് അതത് കോളേജുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. 01.07.2025 മുതൽ പ്രസ്തുത വിഭാഗത്തിലേക്കുള്ള പ്രവേശനം ആരംഭിക്കുന്നതായിരിക്കും.

ഭിന്നശേഷി വിഭാഗത്തിലേക്കുള്ള പ്രവേശനം സർവ്വകലാശാല നൽകിയ ലിസ്റ്റിൽ നിന്നും കോളേജുകൾ നേരിട്ടാണ് നടത്തുന്നത്. ആയതിനാൽ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾ പ്രവേശനത്തിന് ഹാജരാകുന്നതിന് മുൻപ് കോളേജുമായി ബന്ധപ്പെടേണ്ടതും പ്രവേശനത്തിനായി അവർ നിർദേശിക്കുന്ന സമയക്രമം പാലിക്കേണ്ടതുമാണ്.

ഭിന്നശേഷിക്കാരുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള നിലവിൽ മൂന്നാം അലോട്ട് മെന്റിനായി കാത്തിരിക്കുന്ന വിദ്യാർത്ഥികൾക്ക് (രണ്ടാം അലോട്ട് മെന്റിൽ പ്രവേശനം നേടി ഹയർ ഓപ്ഷൻ നിലനിർത്തി മൂന്നാം അല്ലോട്ട് മെന്റിനായി കാത്തിരിക്കുന്ന വിദ്യാർഥികൾ ഉൾപ്പെടെ) മൂന്നാം അലോട്ട് മെന്റ് പ്രസിദ്ധീകരിച്ച് അഡ്മിഷൻ ആരംഭിക്കുന്നത് വരെ ഭിന്നശേഷി വിഭാഗത്തിലേക്കുള്ള പ്രവേശനത്തിന് ഹാജരാകാൻ സമയം അനുവദിക്കുന്നതിനായി അതത് കോളേജുകളോട് ആവശ്യപ്പെടാവുന്ന താണ്.

(ഒപ്പ്)
ഡയറക്ടർ

C.U. Campus
30.06.2025